"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബഹുവർഷ പ്രോജക്റ്റുകൾ, സംയോജിത പ്രോജക്റ്റുകൾ, പ്രോജക്റ്റുകൾ പാക്കേജുകളായി ഏറ്റെടുക്കുന്നത് എന്നിവയുടെ ആവശ്യകത ഉൾപ്പെടുത്തുന്നതിനും, പ്രോജക്റ്റുകൾ പരിഷ്കരിക്കുന്നതിന് സമയക്രമം നിശ്ചയിക്കുന്നതിന് വ്യവസ്ഥകൾ ചേർക്കുന്നതിനും പദ്ധതി മാർഗ്ഗരേഖ പരിഷ്കരിക്കുന്നതിനായി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1214/2023/LSGD തീയതി,തിരുവനന്തപുരം, 12-06-2023

---

പരാമർശം:-

1. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
3. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 01.06.2023 ന് കൂടിയ പദ്ധതി അവലോകന യോഗത്തിന്റെ നടപടി കുറിപ്പ്

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്റ്റുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശിത ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ബഹു വർഷ പ്രോജക്റ്റുകൾ നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകത, സംയോജിത പ്രോജക്റ്റുകൾ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത, പ്രോജക്റ്റുകൾ പാക്കേജുകളായി ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത എന്നിവ ഉൾപ്പെടുത്തുന്നതിനും, സാങ്കേതിക അനുമതി സംബന്ധിച്ച അവലോകനം, പ്രോജക്റ്റുകൾ പരിഷ്കരിക്കുന്നതിന് സമയക്രമം നിശ്ചയിക്കൽ എന്നിവയ്ക്കായും പദ്ധതി മാർഗ്ഗരേഖ പരിഷ്കരിക്കേണ്ടതുണ്ട്. ആയത് പരിശോധിച്ച് പ്രൊപോസൽ ലഭ്യമാക്കുന്നതിനായി ചുവടെ പറയുന്നവർ അംഗങ്ങളായി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

- ശ്രീ. അലക്സ് വർഗീസ് ഐ.എ.എസ്., ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
- ശ്രീ. സന്ദീപ് കെ.ജി., ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
- ശ്രീ. പ്രമോദ്കുമാർ സി.പി., ചീഫ് ടൗൺ പ്ലാനർ, നഗരാസൂത്രണ വകുപ്പ്
- ശ്രീ. റ്റി. സുരേഷ് ബാബു, മെമ്പർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
- ശ്രീ. ബി.കെ. ബൽരാജ്, അഡിഷണൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

ചീഫ് ടൗൺ പ്ലാനർ

ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

ഡയറക്ടർ ജനറൽ, കില

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju L s
Date: 13-06-2023 10:44:18

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്